# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2722 — 19/6/2014 -ൽ മറുപടിക്ക്

## അധ്യാപികയുടെ പ്രൊട്ടക്ഷനും സർവ്വീസ് ആനുകൂല്യങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു മാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പരപ്പനങ്ങാടി സബ് ജില്ലയിലെ വെള്ളിമുക്ക് വി.ജെ പള്ളി എ.യു.പി. സ്കൂളിൽ 01/01/1990 മുതൽ 22/12/2011 വരെ ലീവ് വേക്കൻസിയിൽ ഫുൾ ടൈം ഉറുദു അധ്യാപികയായി തുടർച്ചയായി ജോലി നോക്കിയ റ്റി. സഫിയയെ ലീവ്വേക്കൻസി ഇല്ലാതായതിനെ ത്തുടർന്ന് ഒരാനുകൂല്യവും നൽകാതെ പിരിച്ചുവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) 20 വർഷത്തിലേറെക്കാലം സർവ്വീസുള്ള പ്രസ്തുത അധ്യാപികയ്ക്ക് പ്രൊട്ടക്ഷനും സർവ്വീസ് ആനുകൂല്യവും നൽകണമെ ന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ;<br>(സി) പ്രത്യേക കേസായി പരിഗണിച്ച് പ്രസ്തുത അധ്യാപികയ്ക്ക് പ്രൊട്ടക്ഷനും, സർവ്വീസ് ആനുകൂല്യങ്ങളും നൽകാൻ നിർദ്ദേശം നൽകുമോ? | (ബി) & (സി) ഉണ്ട്. അവധി ഒഴിവിൽ നിയമിതരായി സേവനം ചെയ്ത് പുറത്താകുന്നവരെ പാക്കേജിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 01/10/2011-ലെ സ.ഉ. നം. 199/11/പൊ.വി.വ ഖണ്ഡിക 6 ബി (VII) പ്രകാരം അവധി ഒഴിവുകളിൽ നിയമിതരായി റൂൾ 51 A അവകാശം ലഭിച്ച അധ്യാപകരെ ഓരോ സ്കൂളുകളിലും തയ്യാറാക്കുന്ന സ്കൂൾതല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്. ഈ ലിസ്റ്റിലെ മുൻഗണനാ ക്രമപ്രകാരം സ്കൂളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഇവരെ പരിഗണി ക്കുന്നതാണ്. പ്രസ്തുത വിവരം ഹർജിക്കാ രിയെ 16223/എസ്2/13/പൊ.വി നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ